## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *232**      **17.08.2017- ൽ മറുപടിക്ക്**

## വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ<br>,, സി. ദിവാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന സംവിധാന തൊഴിലാളിക്ഷേമ സംരംഭങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡിംഗ് നടത്തുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ മേഖലകളിലെ സ്ഥാപനങ്ങളെയാണ് പ്രസ്തുത ഗ്രേഡിംഗിന് വിധേയമാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വല്ലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത ഗ്രേഡിംഗിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന 7 മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് 9.5.2017 ലെ സ.ഉ (സാധാ) നം. 614/2017/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><u>മാനദണ്ഡങ്ങൾ</u><br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തരായ തൊഴിലാളികൾ<br>3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ |

സെക്ഷൻ ഓഫീസർ.